Lesson-29
പാഠം - 29

# മടങ്ങിവന്ന പുത്രൻ
# The Son who Returned

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ
മനുഷ്യപുത്രൻ വന്നതു എന്നു പറഞ്ഞു. ലൂക്കോസ് 19:10

For the son of man is come to seek
and to save that which was lost. Luke19:10

**പാഠഭാഗം-ലൂക്കോസ് 15:11-32**

യേശു ഈ ലോകത്തിലെ തന്റെ പരസ്യ ശുശ്രൂഷാകാലത്ത് ഉപമകളായിട്ടാണ് ജനത്തോടു സംസാരിച്ചത്. യേശു ഒരിക്കൽ പറഞ്ഞ ഒരു പിതാവിന്റെയും രണ്ടു പുത്രന്മാരുടെയും കഥ പഠിക്കാം.

ഒരു പിതാവിന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. മൂത്തവൻ അപ്പനോടൊപ്പം വയലിൽ അദ്ധ്വാനിക്കുകയും ഭവനകാര്യങ്ങൾ ഭംഗിയായി നിവർത്തിക്കുകയും ചെയ്തിരുന്നു. ഇളയവൻ അപ്പനോട് തന്റെ ഓഹരി ആവശ്യപ്പെട്ടു.അവൻ പറഞ്ഞത് "അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്കു തരേണമെ" അപ്പൻ സങ്കടത്തോടെ ഇളയവനുള്ള ഓഹരി പകുത്തുകൊടുത്തു. അനവസരത്തിൽ, പക്വതയില്ലാതെ, ജീവിതം ആസ്വദിക്കുന്നതിനായി സുഖിമാന്മാരായി നടക്കുന്നതിനുള്ള ആവേശം പലരിലുമുണ്ടാകും. അവർ ദൈവത്തെക്കുറിച്ചോ ഭാവിയെക്കുറിച്ചോ ചിന്തിക്കുന്നില്ല. ഈ ചെറുപ്പക്കാരന് എന്തു സംഭവിച്ചു എന്നു നോക്കാം.

സ്വത്തു ലഭിച്ച ഇളയ മകൻ സകലവും സ്വരൂപിച്ചു പണം ശേഖരിച്ചു ദൂരെ ദേശത്തേക്കു യാത്രയായി. കയ്യിൽ പണം ഉണ്ടായിരുന്നതുകൊണ്ട് ചെന്നിടത്തെല്ലാം ധാരാളം സ്നേഹിതരെ ലഭിച്ചു. പണം ദൂർത്തടിച്ചു നാനാവിധമാക്കി ചിലവഴിച്ച് ലോക സുഖം അനുഭവിച്ചു. കയ്യിലെ പണം തീർന്നപ്പോൾ അവൻ ഒറ്റപ്പെട്ടു. കൂട്ടുകാർ കൈവിട്ടു. ദേശത്തെ ഒരു വ്യക്തിയെ ജോലി തേടി ചെന്നു കണ്ടു. അയാൾ അവനെ തന്റെ പന്നിയെ മേയ്ക്കുന്ന ജോലിക്കായി ഏർപ്പെടുത്തി. ഭക്ഷണത്തിനായി പന്നിയുടെ തീറ്റയായ വാളവര ലഭിച്ചെങ്കിൽ എന്നവൻ ആശിച്ചു. മുതൽ മുഴുവൻ സുഖത്തിനായി ചിലവഴിച്ച ഈ ബാല്യക്കാരൻ പന്നിയുടെ തീറ്റപോലും ലഭിക്കാത്ത അവസ്ഥയിലായി. സകലരും അവനെ കൈവിട്ടു.

അപ്പോഴാണ് തന്റെ തെറ്റു മനസിലായത്. പണവും വസ്തുക്കളും കൂട്ടുകാരുമൊക്കെ എന്നാളും കാണുമെന്നു വിചാരിച്ചു. താൻ വിശപ്പടക്കാൻ പാടുപെട്ടപ്പോൾ തന്റെ മനസ്സിൽ ഇങ്ങനെചിന്തിച്ചു " എന്റെ അപ്പന്റെ വീട്ടിൽ ജോലിക്കാർ തിന്നു ശേഷിപ്പിക്കുന്നു" " ഞാൻ അപ്പന്റെ അടുക്കൽ പോകും. അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തു. നിന്റെ മകനെന്ന പേരിനു ഞാൻ യോഗ്യനല്ല. എന്നെ വീട്ടിൽ ഒരു വേലക്കാരനായി സ്വീകരിക്കേണം എന്നു പറയും". അവൻ തീരുമാനിച്ചു.

സുബോധം വന്ന മകൻ ഭവനത്തിലേക്കു മടങ്ങി. ദിവസങ്ങളോളം മകനെ പ്രതീക്ഷിച്ചു കാത്തിരുന്ന പിതാവ് അവനെ ദൂരത്തു നിന്നു കണ്ടു. ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു ചുംബിച്ചു. മകൻ അപ്പനോടു താൻ മനസിൽ ചിന്തിച്ചതുപോലെ ക്ഷമ ചോദിച്ചു. അപ്പൻ ഉടനെ വേലക്കാരെ വിളിച്ചു വരുത്തി (21-24 വാക്യങ്ങൾ) ഒരു ആഘോഷം തയ്യാറാക്കി അവനെ മേൽത്തരം വസ്ത്രം നൽകി "കാണാതെ പോയ എന്റെ മകനെ കണ്ടുകിട്ടി"എന്നു പറഞ്ഞ് സന്തോഷിച്ചു മൂത്തമകൻ വയലിൽ നിന്നു വന്നപ്പോൾ അവനു കോപം വന്നു എങ്കിലും അപ്പൻ അവനെയും ആശ്വസിപ്പിച്ചു.

**സന്ദേശം: പാപം ചെയ്തു ദൈവത്തിൽ നിന്നു അകന്നു പോയവർ പാപം ഉപേക്ഷിച്ചു മടങ്ങി ദൈവസന്നിധിയിൽ വരുമ്പോൾ, നഷ്ടപ്പെട്ടവരെ കാത്തിരിക്കുന്ന പിതാവ് അവരുടെ പാപം ക്ഷമിച്ച് സ്വീകരിച്ച്, മകൻ എന്ന പദവി വീണ്ടും നൽകി സന്തോഷിക്കുന്നു.**

## Reading Portion: Luke15:11-32

Jesus while in this world spoke to the people in parables. He told the story of a father and two sons. A father had two sons. The elder faithfully worked along with the father in the fields and looked after household duties sincerely. The younger son demanded his father "Abba give me the share of our wealth due to me". The father divided his share sadly to him. To enjoy the pleasures of life and making merry, immature youths tend to ignore advises and live life as they like. They do not think about God or Family, or the future. Look, what happened to our young man?

The young man gathered all his wealth in cash and travelled to a far off land. Since he

had lot of money with him wherever he went, he had lot of pleasure loving friends. He spent his money freely without any botheration in all sorts of pleasures and finally finished his full wealth. He was alone and all friends left him. He approached a citizen for job and he put him to feeding swine. He tried to eat the husks that the swine ate. Everyone forsook this young man, who enjoyed all the pleasures of the world, now, and he could not even get what the swine was give, now could not even find his food.

The young man who thought money, wealth, friends and pleasures will always be there. He realized his fault and thought even servants in my father's house have enough to eat and spare while I am perishing with hunger'. I will go to my father and say father I have sinned against you and heaven. I am not worthy to be called your son. Make me as one of thy hired servants'. He came to himself and went back to his own home.

The Father, who was anxiously waiting for his son's return for days, recognized his son coming from a far distance itself ran to him and hugged him and embraced him. The son begged pardon as he thought earlier. (Verse 21-24)The father summoned his servants and ordered for a feast. They dressed him well putting on the best dress. “My son was lost and I found him,” said the father and they celebrated. They older son came back from the field. He was angry seeing all these but the father comforted him.

**Message: Those who have sinned and gone away from the Lord, when forsake sin and return to his presence, the father who eagerly await the lost, forgives their sins and accept them back with all privileges of a son.**

പ്രവർത്തനം Activity

**ഇളയ പുത്രന് അപ്പന്റെ അടുക്കൽ എത്താനുള്ള വഴി കാണിച്ചു കൊടുക്കാമോ?**

**Can you show the younger son the way to reach the father**



## അപ്പൻ നൽകിയ സാധനങ്ങൾ ചേരുംപടി ചേർക്കുക
## Match the following things given by the father








1. ഇളയപുത്രന് കിട്ടിയ ജോലി എന്ത്?
   What job did the younger son get ?
2. തിരികെ വന്ന പുത്രൻ അപ്പനോട് എന്താണ് പറഞ്ഞത്?
   What did the son tell the father on his return ?
3. മൂത്ത മകന് കോപം വരുവാൻ കാരണമെന്ത്?
   Why was the older son angry ?

സ്വത്ത് കിട്ടിയ മകൻ അതുകൊണ്ട്എന്തു ചെയ്തു ? ലൂക്കോസ്15:13-16 ഭാഗത്തു നിന്ന് കണ്ടുപിടിച്ചെഴുതുക

What did the son who got his share do with it? Find out from Luke 15:13-16 and write

.......................................................................................................................

.......................................................................................................................

.......................................................................................................................

.......................................................................................................................

.......................................................................................................................

.......................................................................................................................